മാതൃഭൂമി 2022 ഫെബ്രുവരി 21 • തിങ്കളാഴ്ച

# ഒന്നരലക്ഷം കടന്ന് സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ



രേഷ്മ ഭാസ്കരൻ
reshmabhaskaran@mpp.co.in

കേരളത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം (എം.എസ്.എം.ഇ.) മേഖലയിൽ സംരംഭങ്ങാം കൂടുന്നു. പുതിയ സംരംഭങ്ങാം ആരംഭിക്കാനുള്ള അന്വേഷണങ്ങളിലും വർധനയുണ്ട്.

നിലവിൽ സംരംഭങ്ങളുടെ എണ്ണം 1.50 ലക്ഷം കടന്നു. ഇതിൽ സൂക്ഷ്മ സംരംഭങ്ങളാണ് കൂടുതൽ. കേരള വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ കണക്കുപ്രകാരം കേരളത്തിൽ പ്രവർത്തിക്കുന്ന 93.4 ശതമാനം സംരംഭങ്ങളും സൂക്ഷ്മ സംരംഭ വിഭാഗത്തിലുള്ളവയാണ്. ഇത് 1.40 ലക്ഷത്തോളം വരും. ചെറുകിട മേഖലയിൽ 8,388 സംരംഭങ്ങളും ഇടത്തരം മേഖലയിൽ 295 സംരംഭങ്ങളുമാണ് പ്രവർത്തിക്കുന്നത്. വൻകിട മേഖലയിൽ 231 സംരംഭങ്ങളാണുള്ളത്. ഇതുവരെയായി 7.41 ലക്ഷം തൊഴിലവസരങ്ങളാണ് മേഖലകളിൽ സൃഷ്ടിച്ചിട്ടുള്ളത്.

ഏറ്റവും കൂടുതൽ സംരംഭങ്ങളുള്ളത് എറണാകുളം ജില്ലയിലാണ്, 21,009 യൂണിറ്റുകാം. തൃശ്ശൂർ (20,622), മലപ്പുറം (13,598) ജില്ലകളാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനത്ത്. ഏറ്റവും കുറവ് സംരംഭക യൂണിറ്റുകാം പ്രവർത്തിക്കുന്നത് കാസർകോട് (3,890) ജില്ലയിലാണ്.

നടപ്പു സാമ്പത്തികവർഷം ജനുവരി വരെ മൊത്തം 11,576 യൂണിറ്റുകളാണ് കേരളത്തിൽ ആരംഭിച്ചത്. ഇതിൽ 1238.65 കോടി രൂപയുടെ നിക്ഷേപവും എത്തി. കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളെയടക്കം പുതിയ സംരംഭങ്ങാം ആരംഭിക്കാനുള്ള പിന്തുണ വ്യവസായ വകുപ്പ് നൽകുന്നുണ്ട്. ഇതിനോടകം നിരവധി പ്രവാസികാം വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ സംരംഭങ്ങാം ആരംഭിച്ചിട്ടുണ്ട്.

2022 വ്യവസായ വർഷമായിക്കണ്ട് സംസ്ഥാനത്ത് അടുത്ത സാമ്പത്തിക വർഷം ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങാം (എം.എസ്.എം.ഇ.) തുടങ്ങാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യവസായ മന്ത്രി പി. രാജീവ് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ സംരംഭങ്ങാം തുടങ്ങുന്നതിനുള്ള ആദ്യഘട്ട പ്രവർത്തനങ്ങാം നടന്നുവരുകയാണ്. ഒരുലക്ഷം സംരംഭങ്ങളിൽ 40 ശതമാനം സംരംഭങ്ങളും കാർഷിക-ഭക്ഷ്യമേഖലയിൽ നിന്നുള്ളവയായിരിക്കുമെന്ന് വ്യവസായ വകുപ്പ് അറിയിച്ചു.

എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചാണ് 'ഒരു ലക്ഷം സംരംഭം' എന്ന ലക്ഷ്യത്തിലേക്ക് കടക്കുന്നത്. സംരംഭങ്ങളെ ആകർഷിക്കാനായി വിവിധ പദ്ധതികാം നടപ്പിലാക്കി വരുകയാണ്. പുതിയ യൂണിറ്റുകാംക്ക് വാണിജ്യബാങ്കുകളെ കൂടാതെ കേരള ബാങ്ക് വഴിയും സഹകരണ ബാങ്കുകാം വഴിയും വായ്പ ലഭ്യമാക്കാനുള്ള പദ്ധതികളും നടപ്പിലാക്കി വരുകയാണ്.